

## ഖുർആൻ ബോധനം

സമ്പത്തും അധികാരവും ചിലരെ അഹങ്കാരികളും ദൈവധിക്കാരികളുമാക്കുന്നതുപോലെ ദാരിദ്ര്യവും പീഡാനുഭവങ്ങളും ചിലരെ ദൈവനിന്ദകരും നിഷേധികളുമാക്കും. കൊടിയ ദാരിദ്ര്യവും പീഡനവും അനുഭവിക്കേണ്ടി വന്നപ്പോൾ അയ്യൂബ്(അ) ക്ഷമ കെട്ട് അല്ലാഹുവിനെ ദുഷിക്കുകയോ നിഷേധിക്കുകയോ ചെയ്തില്ല. അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് അസാമാന്യവും അനിതര സാധാരണവുമായ ക്ഷമയോടെ എല്ലാം സഹിക്കുകയായിരുന്നു.

എ.വൈ.ആർ

സൂറ - 21

# അൽഅമ്പിയാഅ്

۞ وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ
ٱلرَّٰحِمِينَ ﴿٨٣﴾

**83.** അയ്യൂബിനെയും നാം അനുഗ്രഹിച്ചിട്ടുണ്ട്. അദ്ദേഹം നാഥനോടു പ്രാർഥിച്ചതോർക്കുക. എന്നെ ദുരിതം ബാധിച്ചിരിക്കുന്നു. നീയോ, പരമകാരുണികനാണല്ലോ.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ
رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ﴿٨٤﴾

**84.** നാം ആ പ്രാർഥന സ്വീകരിച്ചു. അദ്ദേഹത്തെ ബാധിച്ച ദുരിതം ദുരീകരിച്ചുകൊടുത്തു. അദ്ദേഹത്തിന് കുടുംബത്തെയും അവരോടൊപ്പം അത്രയും വേറെയും കൊടുത്തു; നമ്മുടെ പക്കൽനിന്നുള്ള സവിശേഷ അനുഗ്രഹമായിക്കൊണ്ടും നമുക്കു വഴിപ്പെടുന്നവർക്കൊക്കെയും പാഠമായിക്കൊണ്ടും.

**83,84**

وَأَيُّوبَ = അയ്യൂബിനെയും (നാം അനുഗ്രഹിച്ചിട്ടുണ്ട്) إِذْ نَادَىٰ رَبَّهُۥٓ = അദ്ദേഹം തന്റെ നാഥനോടു പ്രാർഥിച്ചതോർക്കുക
أَنِّى مَسَّنِىَ = എന്തെന്നാൽ എന്നെ സ്പർശി(ബാധി)ച്ചിരിക്കുന്നു ٱلضُّرُّ = ദുരിതം, പീഡ وَأَنتَ = നീ(യോ)
أَرْحَمُ ٱلرَّٰحِمِينَ = കരുണയുള്ളവരിൽ വെച്ച് ഏറ്റവും കരുണയുള്ളവൻ (പരമകാരുണികനാണല്ലോ)
فَٱسْتَجَبْنَا لَهُۥ = നാം അദ്ദേഹത്തിന് ഉത്തരം ചെയ്തു (ആ പ്രാർഥന സ്വീകരിച്ചു)
فَكَشَفْنَا = അങ്ങനെ നാം നീക്കി (ദൂരീകരിച്ചുകൊടുത്തു)
مَا بِهِۦ = അദ്ദേഹത്തെ ബാധിച്ചതിനെ مِن ضُرٍّ = ദുരിതത്താൽ وَءَاتَيْنَٰهُ = നാം അദ്ദേഹത്തിനു കൊടുത്തു
أَهْلَهُۥ = അദ്ദേഹത്തിന്റെ കുടുംബത്തെ وَمِثْلَهُم = അവരെപ്പോലെയും (അത്രയും വേറെയും കൊടുത്തു)
مَّعَهُمْ = അവരോടൊപ്പം رَحْمَةً مِّنْ عِندِنَا = നമ്മുടെ പക്കൽനിന്നുള്ള (സവിശേഷ) അനുഗ്രഹമായിക്കൊണ്ട്
وَذِكْرَىٰ = ഉൽബോധനം, പാഠം ആയിക്കൊണ്ടും لِلْعَٰبِدِينَ = ആരാധകർക്ക്, അടിമകൾക്ക് (നമുക്ക് വഴിപ്പെടുന്നവർക്ക്)

സമ്പദ് സമൃദ്ധി കൊണ്ടും അധികാരശക്തി കൊണ്ടും പ്രതിഭാവിലാസം കൊണ്ടും പരീക്ഷിക്കപ്പെട്ട രണ്ടു പ്രവാചകന്മാരെയാണ് മുകളിൽ പരാമർശിച്ചത്. ആ പ്രവാചകന്മാർ തങ്ങൾ നേരിട്ട പരീക്ഷണങ്ങളെ വിജയകരമായി തരണം ചെയ്തു. അഥവാ തങ്ങളുടെ സൗഭാഗ്യങ്ങളിൽ അഹങ്കരിക്കുകയോ അതു നൽകിയ അല്ലാഹുവിനെ വിസ്മരിക്കുകയോ ചെയ്യാതെ

അവനോട് അതിരറ്റ നന്ദിയുള്ളവരായിക്കൊണ്ട് സൗഭാഗ്യങ്ങളെല്ലാം അവന്റെ തൃപ്തിക്കൊത്തു മാത്രം കൈകാര്യം ചെയ്ത് മാതൃകാ പുരുഷന്മാരായി. ഇനി പരാമർശിക്കുന്നത് സാമ്പത്തികവും ശാരീരികവും മാനസികവുമായ അവശതകളാൽ പരീക്ഷിക്കപ്പെട്ട ചില പ്രവാചകന്മാരെയാണ്. അവരിൽ ഒന്നാമനായ അയ്യൂബ്(അ) ജൂത-ക്രൈസ്തവ വിഭാഗങ്ങളിൽ ഏറെ സുപരിചതനാണ്. ബൈബിൾ പഴയ നിയമത്തിൽ *ഇയ്യോബ്* എന്ന ഒരധ്യായം തന്നെ കാണാം. എങ്കിലും അദ്ദേഹത്തെക്കുറിച്ച് അവരിൽ പല സന്ദേഹങ്ങളും നിലനിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിത കാലം ബി.സി 600 നും 300 നും ഇടക്കാണെന്ന നുമാനിക്കപ്പെടുന്നു.

അയ്യൂബ് നബിയെക്കുറിച്ച് മുസ്‌ലിം പണ്ഡിതന്മാരും ധാരാളം നിവേദനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഈ നിവേദനങ്ങളിൽ പലതും ബൈബിളിലെ *ഇയ്യോബി*ലെ വചനങ്ങളുമായി ഏറെ സാമ്യമുള്ളതാണ്. സഈർ മലയിലോ അദോം പ്രദേശത്തോ ഉള്ള ഊസ് നാട്ടുകാരനായിരുന്നു അയ്യൂബ്. ഇബ്‌റാഹീം നബിയുടെ സഹോദരൻ നാഹോറിന്റെ പുത്രനാണെന്നും പ്രസ്താവമുണ്ട്. അദ്ദേഹത്തിന്റെ പിതാവ് അമൂസ് (عموص) എന്നയാളായിരുന്നു. യഅ്ഖൂബ് നബിയുടെ പിന്മുറക്കാരനാണ്. ശാമിലെ ഹൗറാൻ പ്രദേശത്താണ് ഊസ് എന്നും അത് ആദ് വംശത്തിന്റെ മൂലകുടുംബമാണെന്നും ചില നിവേദനങ്ങളിലുണ്ട്. അയ്യൂബ് നബിയുടെ വേദമായ *ഇയ്യോബിന്റെ* മൂലം അറബിയാണെന്നും മൂസാ നബി ഹിബ്രുവിലേക്ക് തർജമ ചെയ്യുകയായിരുന്നുവെന്നും ഈ അഭിപ്രായക്കാർ കരുതുന്നു. ചിലർ പറയുന്നത് ഇബ്‌റാഹീം നബിയെക്കാൾ നൂറു വർഷം മുമ്പാണിദ്ദേഹം ജീവിച്ചതെന്നത്രെ. മൂസാ നബിയുടെ പൂർവികനാണെന്നും പ്രസ്താവമുണ്ട്. അയ്യൂബ് നബിയുടെ മാതാവ് ലൂത്വ് നബിയുടെ സന്തതി പരമ്പരയിൽ പെട്ടവരാണെന്നും നിവേദനമുണ്ട്. ഭാര്യ യൂസുഫ് നബിയുടെ പൗത്രിയായിരുന്നുവെന്നു പറയപ്പെടുന്നു. ഈ നിവേദനങ്ങൾക്കൊന്നും ചരിത്രപരമായ സ്ഥിരീകരണമില്ല. സമ്പത്തും അധികാരവും ചിലരെ അഹങ്കാരികളും ദൈവധിക്കാരികളുമാക്കുന്നതുപോലെ ദാരിദ്ര്യവും പീഡാനുഭവങ്ങളും ചിലരെ ദൈവനിന്ദകരും നിഷേധികളുമാക്കും. കൊടിയ ദാരിദ്ര്യവും പീഡനവും അനുഭവിക്കേണ്ടി വന്നപ്പോൾ അയ്യൂബ്(അ) ക്ഷമ കെട്ട് അല്ലാഹുവിനെ ദുഷിക്കുകയോ നിഷേധിക്കുകയോ ചെയ്തില്ല. അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് അസാമാന്യവും അനിതര സാധാരണവുമായ ക്ഷമയോടെ എല്ലാം സഹിക്കുകയായിരുന്നു. "നാഥാ ഞാൻ കൊടിയ പീഡനത്തിലകപ്പെട്ടിരിക്കുന്നു. നീ കരുണാകരന്മാരിൽ ഏറ്റം കരുണാകരനായവനല്ലോ" എന്നു മാത്രമാണദ്ദേഹം പ്രാർഥിച്ചത്. ആ പ്രാർഥന കേട്ട് അല്ലാഹു അദ്ദേഹത്തിന്റെ പീഡകൾ അകറ്റിക്കൊടുത്തു. പൂർവോപരി സൗഭാഗ്യങ്ങൾ കൊണ്ടനുഗ്രഹിക്കുകയും ചെയ്തു. *ഇയ്യോബും* മുസ്‌ലിം നിവേദകന്മാർ ഉദ്ധരിക്കുന്ന കഥയും ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം: ഊസ് ദേശത്തെ ഏറ്റം ഭക്തനും സാത്വികനുമായിരുന്നു അയ്യൂബ്(അ). അതീവ സമ്പന്നനുമായിരുന്നു. ഏഴായിരം ആടുകളും മൂവായിരം ഒട്ടകങ്ങളും ആയിരം ഗോക്കളും അഞ്ഞൂറ് കഴുതകളും ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമിയും കണക്കില്ലാത്ത ഭൃത്യജനങ്ങളുമുണ്ടായിരുന്നു. കിഴക്കു ദിക്കിൽ അത്രയും സമ്പന്നനായ മറ്റൊരാളുണ്ടായിരുന്നില്ല. ഇതൊക്കെയുണ്ടെങ്കിലും അയ്യൂബ്(അ) അത്യന്തം വിനീതനും നീതിമാനും ധർമനിഷ്ഠനും ഭക്തനുമായിരുന്നു. വഴി തെറ്റുന്നവരെ സന്മാർഗ പ്രബോധനം ചെയ്തു. ദരിദ്രന്മാർക്ക് ആവശ്യാനുസാരം ദാനം ചെയ്തു. പീഡിതരെ ആവുംവണ്ണം സഹായിച്ചു. അദ്ദേഹത്തെ കുറിച്ച് ആർക്കും ഒരാക്ഷേപവും പറയാനുണ്ടായിരുന്നില്ല. ഈ അവസ്ഥ ഇബ്‌ലീസിനെയും കൂട്ടുകാരെയും വല്ലാതെ അസൂയാലുക്കളാക്കി. അവർ പറഞ്ഞു: "അല്ലാഹു സർവവിധ സൗഭാഗ്യങ്ങളും കണക്കില്ലാതെ ചൊരിഞ്ഞുകൊടുത്തിട്ടുള്ളതു കൊണ്ടാണ് അയ്യൂബ് ഈവിധം സന്മാർഗിയും ഭക്തനുമായി വാഴുന്നത്. ഈ സൗഭാഗ്യങ്ങൾ വിലക്കപ്പെട്ടാൽ അയാൾ ഒരിക്കലും ദൈവത്തോടു നന്ദിയുള്ളവനായിരിക്കുകയില്ല."

അതിനുശേഷം അല്ലാഹു അദ്ദേഹത്തെ പരീക്ഷണത്തിലകപ്പെടുത്താൻ തുടങ്ങി. അദ്ദേഹത്തിന്റെ കാലികൾ കൊള്ളയടിക്കപ്പെട്ടു. ഭൃത്യജനങ്ങൾ വധിക്കപ്പെട്ടു. കൃഷിയും നശിച്ചുപോയി. മക്കൾ മരിച്ചുപോയി. അവർ ആണും പെണ്ണുമായി ഏഴു പേരുണ്ടായിരുന്നു. ആരും അവശേഷിച്ചില്ല. അങ്ങനെ അയ്യൂബി(അ)ന്റെ ആളും അർഥവും മുഴുവൻ അപ്രത്യക്ഷമായി. താനും ഭാര്യയും മാത്രം അവശേഷിച്ചു. ഓരോ മഹാനഷ്ടങ്ങളുണ്ടാവുമ്പോഴും "ഇയ്യോബ് എഴുന്നേറ്റ് തന്റെ മേലങ്കി കീറി തലമുണ്ഡനം ചെയ്ത് നിലത്തുവീണ് നമസ്കരിച്ചുകൊണ്ടു പറഞ്ഞു: നഗ്നനായി ഞാൻ അമ്മയുടെ ഉദരത്തിൽ നിന്നുവന്നു. നഗ്നനായി മടങ്ങും. കർത്താവു തന്നു. കർത്താവ് എടുത്തു. കർത്താവിന്റെ തിരുനാമം വാഴ്ത്തപ്പെടട്ടെ. ഇതൊക്കെ ഭവിച്ചിട്ടും ഇയ്യോബ് പാപം ചെയ്യുകയോ ദൈവത്തിൽ കുറ്റമാരോപിക്കുകയോ ചെയ്തില്ല" (*ഇയ്യോബ്* 1:20-22).

മുതലിന്റെയും മക്കളുടെയും നഷ്ടം കൊണ്ടുള്ള പരീക്ഷണം ക്ഷമയോടെ നേരിട്ട് വിജയിച്ചശേഷം അല്ലാഹു അയ്യൂബിനെ രോഗപീഡകൾ കൊണ്ട് പരീക്ഷിച്ചു തുടങ്ങി. "ഉള്ളംകാൽ മുതൽ നെറുകവരെ വല്ലാത്ത വ്രണങ്ങൾ കൊണ്ട് ഇയ്യോബിനെ സാത്താൻ പീഡിപ്പിച്ചു. മാന്താൻ ഒരു ഓടുകഷ്ണവുമായി ഇയ്യോബ് ചാരത്തിൽ ഇരുന്നു. അപ്പോൾ ഭാര്യ അയാളോടു പറഞ്ഞു: 'ഇനിയും നിങ്ങൾ ധർമിഷ്ഠതയിൽ ഉറച്ചുനിൽക്കുന്നോ? ദൈവത്തെ ശപിച്ചിട്ടു മരിക്കൂ.' എന്നാൽ അവളോട് ഇയ്യോബ് പറഞ്ഞു: വെറും പൊട്ടിപ്പെണ്ണുങ്ങളെപ്പോലെയാണല്ലോ നീ സംസാരിക്കുന്നത്? ദൈവത്തിന്റെ തൃക്കയ്യിൽ നിന്നു നന്മ സ്വീകരിക്കുന്ന നാം തിന്മയും സ്വീകരിക്കണ്ടേ? ഇതിലൊന്നും ഇയ്യോബ് തന്റെ അധരങ്ങൾ കൊണ്ട് പാപം ചെയ്തില്ല" (*ഇയ്യോബ്* 2:7-10). *ഖസ്വസ്വുൽ അമ്പിയാഅ്* നിവേദനം ചെയ്യുന്നു: "ചെകുത്താന്റെ ഉപദേശത്തിനു വഴങ്ങി ഭാര്യ അയ്യൂബിനോടു(അ) നിർദേശിച്ചു: അല്ലയോ അയ്യൂബ്, എത്രകാലമാണ് നിന്റെ നാഥൻ നിന്നോട് കരുണകാട്ടാതെ പീഡിപ്പിക്കുക? എവിടെ നിന്റെ കാലികൾ? മക്കൾ? സുഹൃത്തുക്കളെവിടെ? നിന്റെ മോടിയുള്ള വസ്ത്രങ്ങളെവിടെ? എല്ലാം മാറി ചാരംപോലെയായില്ലേ? നിന്റെ സുന്ദരമായ ഗാത്രം കണ്ടോ, ജീർണിച്ചുനാറുന്നു. അതിൽ പുഴുക്കൾ പുളയുന്നു. ഇതാ ഈ ആട്ടിൻകുട്ടിയെ ചെകുത്താന് ബലികൊടുത്ത് രോഗശാന്തി നേടുക. അയ്യൂബ് അവളോടു പറഞ്ഞു: അല്ലാഹുവിന്റെ ശത്രു വന്ന് നിന്നിൽ ഊതിയിരിക്കുന്നു. നീ അവനെ ഇഷ്ടപ്പെട്ടു. നിനക്കു നാശം! നിനക്കറിയാമോ, നഷ്ടപ്പെട്ടു പോയതിൽ നീ വിലപിക്കുന്ന ആ സമ്പത്തും സന്താനങ്ങളും നമുക്ക് കിട്ടിയത് ആരുടെ ഔദാര്യം കൊണ്ടാണെന്ന്? അവർ പറഞ്ഞു: അല്ലാഹുവിന്റെ. അദ്ദേഹം: നാം

എത്രകാലം അതനുഭവിച്ചു? അവർ: എൺപതാണ്ടുകൾ. അദ്ദേഹം: അല്ലാഹു നമ്മളെ ഈ ദുരിതത്തിലകപ്പെടുത്തിയിട്ട് എത്ര കാലമായി? അവർ: ഏഴു കൊല്ലം. അദ്ദേഹം: കഷ്ടം! നീ നിന്റെ നാഥനോട് ഒട്ടും നീതി കാണിച്ചില്ല. എൺപതാണ്ടുകാലം നമുക്ക് സുഖസമൃദ്ധിയരുളിയ നാഥന്റെ ഈ പരീക്ഷണത്തിൽ എന്തുകൊണ്ട് നിനക്ക് ക്ഷമിക്കാനാകുന്നില്ല?...'' ഈ സന്ദർഭത്തിലാണത്രെ, രോഗമുക്തനായാൽ ഭാര്യയെ നൂറടി അടിക്കുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തത്. 'പഴുത്തളിഞ്ഞ വ്രണങ്ങളുടെ വേദനയാൽ അയ്യൂബ്(അ) പുളഞ്ഞു. അസഹ്യമായ ദുർഗന്ധത്താൽ ആളുകൾ അദ്ദേഹത്തെ ചവറ്റുകൂനയിൽ തള്ളി....' ഇങ്ങനെയൊക്കെ കഥകൾ അദ്ദേഹത്തിന്റെ രോഗത്തെ വർണിച്ചിട്ടുണ്ട്. മുതലിനും മക്കൾക്കും ഏർപ്പെട്ട അത്യാഹിതങ്ങൾ ദൈവത്തിൽ പ്രതീക്ഷയർപ്പിച്ച് ക്ഷമയോടെ നേരിട്ടതുപോലെ ശരീര പീഡകളും അതുല്യമായ സഹനത്തോടെ നേരിട്ട അയ്യൂബ്(അ) ആ പരീക്ഷണത്തിലും വിജയിച്ചു. തുടർന്ന് അല്ലാഹു അദ്ദേഹത്തിനു പരിപൂർണമായ രോഗമുക്തിയരുളുകയും പിൻവലിച്ച സൗഭാഗ്യങ്ങളെല്ലാം ഇരട്ടിയായി തിരിച്ചുകൊടുക്കുകയും ചെയ്തു. രോഗമുക്തനായ അയ്യൂബിനെ(അ) ആദ്യം സ്വന്തം ഭാര്യക്കുപോലും തിരിച്ചറിയാനായില്ല എന്നാണ് കഥകളിൽ പറയുന്നത്. അത്രക്ക് ആരോഗ്യവാനും സുന്ദരനുമായിത്തീർന്നു അദ്ദേഹം. അകന്നുപോയ മക്കളും മുതലുകളും ഭൃത്യജനങ്ങളും സ്വത്തുവഹകളുമെല്ലാം വീണ്ടും വന്നുചേർന്നു. മക്കളും ഭൃത്യജനവും കൊല്ലപ്പെട്ടതായിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്. അങ്ങനെയാണെങ്കിൽ, പിന്നീടദ്ദേഹത്തിന് അതിനേക്കാൾ ഇരട്ടി മക്കളും മുതലും ഭൃത്യജനവും ഉണ്ടായി എന്നാണ് ءَاتَيْنَـٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ എന്ന വാക്യത്തിന്റെ വിവക്ഷ. മക്കൾക്കും മുതലിനും എന്താണ് സംഭവിച്ചതെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല. ഒരു പക്ഷേ അത്യാഹിതത്തിൽ പെട്ട് അവരൊക്കെ ചിന്നിച്ചിതറിയതായിരിക്കാം. അങ്ങനെയാണെങ്കിൽ അല്ലാഹു അവരെയെല്ലാം അദ്ദേഹത്തിന്റെ അടുക്കൽ തിരിച്ചെത്തിച്ചു എന്നാകുന്നു ആശയം.

ഖുർആൻ ഉദ്ധരിക്കുന്ന, അയ്യൂബ് നബിയുടെ പ്രാർഥനാവചനം- أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ- ഏറെ ശ്രദ്ധേയമാണ്. സമ്പത്തും സന്തതികളും ആരോഗ്യവുമെല്ലാം പൂർണമായി നഷ്ടപ്പെട്ടിട്ടും തന്റെ പീഡാവസ്ഥ അല്ലാഹുവിന്റെ മുമ്പിൽ സൂചിപ്പിക്കുകയേ ചെയ്യുന്നുള്ളൂ. ഒരു വാദിയെപ്പോലെ അല്ലാഹുവിനോട് സംസാരിക്കുന്നില്ല. 'എന്റെ മക്കൾ അകാലത്തു മരിച്ചുപോയി, മുതലുകൾ നശിച്ചുപോയി, ആരോഗ്യം ക്ഷയിച്ചു, വേദനയും യാതനയും നിറഞ്ഞ, കാഴ്ചക്കാരിൽ അറപ്പുളവാക്കുന്ന രോഗത്താൽ പീഡിതനായി' എന്നൊന്നും എണ്ണിപ്പറഞ്ഞ് വിലപിക്കുന്നില്ല. നഷ്ടപ്പെട്ടതെല്ലാം തിരിച്ചുതരണമെന്ന് കേഴുന്നില്ല. 'ഞാൻ പീഡിതനാണ്, നീ പരമകാരുണികനാണല്ലോ' എന്നു മാത്രമേ പറയുന്നുള്ളൂ. എന്റെ കാര്യം നിന്റെ കാരുണ്യത്തിനു സമർപ്പിക്കുന്നു. നീ ചെയ്യുന്നതെന്തും നിന്റെ അപാരമായ കാരുണ്യത്തിനിണങ്ങുന്നതായിരിക്കും. അതിൽ തന്നെയായിരിക്കും എന്റെ അനുഗ്രഹവും സൗഭാഗ്യവുമെന്ന് ഞാൻ അറിയുന്നു. തന്നെ ബാധിച്ച കൊടിയ പീഡ അകറ്റണമെന്നതാണ് അദ്ദേഹത്തിന്റെ മുഖ്യ ആവശ്യം. അതിലപ്പുറം സമ്പത്തോ മറ്റു ഭൗതിക സുഖങ്ങളോ ആശിക്കുന്നില്ല, ആവശ്യപ്പെടുന്നുമില്ല. അതെല്ലാം അല്ലാഹുവിന്റെ ഇഷ്ടം. ഈ മാനസികാവസ്ഥയെ ദൈവപ്രീതിയുടെ പദവി-مقام الرّضى-എന്നുപറയുന്നു. ഈ പദവി നേടുന്ന ആത്മാക്കൾ പരലോകത്ത്-راضية مرضية-സ്വയം പ്രീതവും ദൈവത്താൽ പ്രീതിപ്പെട്ടതും- ആയ ആത്മാവുകളായിത്തീരുന്നു. ഈ ലോകത്ത് മനുഷ്യർ കടന്നുപോരുന്ന അവസ്ഥാവിശേഷങ്ങളിൽ അന്തിമ ഗുണമുള്ളത് ഏതിലാണെന്ന് നിർണയിക്കുക ഏതാണ്ടസാധ്യമാണ്. ചിലപ്പോൾ അവൻ ആഗ്രഹിക്കുന്നതിന് നേർവിപരീതമായതിലായിരിക്കും അന്തിമ സൗഭാഗ്യമുള്ളത്. അതിനാൽ അല്ലാഹു നല്ലതെന്നു നിർണയിച്ചുതന്നിട്ടില്ലാത്ത എല്ലാ കാര്യങ്ങളും അല്ലാഹുവിൽത്തന്നെ സമർപിക്കുന്നതാണ് ഉത്തമം. അടിമക്ക് രോഗമാണോ അതല്ല ആരോഗ്യമാണോ നല്ലത് എന്നും, മരണമാണോ അതല്ല ജീവിതമാണോ നല്ലത് എന്നും സ്രഷ്ടാവും ഉടമസ്ഥനുമായ അല്ലാഹുവിനു മാത്രമേ അറിയൂ. സാധാരണ സാഹചര്യത്തിൽ എല്ലാ വിശ്വാസികളും അംഗീകരിക്കുന്നതാണീ സത്യം. പക്ഷേ കഷ്ടനഷ്ടങ്ങൾക്കും പീഡാനുഭവങ്ങൾക്കും വിധേയരാകുമ്പോൾ പലരുടെയും ഭാവം മാറുന്നതുകാണാം. 'ഇങ്ങനെ കഷ്ടപ്പെടുത്താൻ ഞാനെന്തു പാപം ചെയ്തു' എന്ന് അവർ ദൈവത്തെ ചോദ്യം ചെയ്യുന്നു. ചിലർ ദൈവത്തെ ശപിക്കുന്നു. ഇനിയും ചിലർ ദൈവത്തെ തന്നെ നിഷേധിക്കുന്നു. ഇവിടെയാണ് അയ്യൂബിന്റെയും(അ) അദ്ദേഹത്തിന്റെ പ്രാർഥനയുടെയും മാറ്റ് തെളിയുന്നത്. അല്ലാഹുവിന്റെ വിനീത ദാസനായ അദ്ദേഹം തനിക്ക് നഷ്ടപ്പെട്ടതെല്ലാം താനർഹിക്കാത്തതാണെന്ന് സമാധാനിച്ചു. തനിക്കേർപ്പെട്ട ദുരിതങ്ങളിൽ തന്റെ യാതന ലഘൂകരിച്ചുകിട്ടണമെന്നു മാത്രം കാംക്ഷിച്ചു. അയ്യൂബ് നബിയുടെ ക്ഷമയിലും സഹനത്തിലും വിശ്വാസദാർഢ്യത്തിലും സംപ്രീതനായ അല്ലാഹു അദ്ദേഹം ആവശ്യപ്പെടാത്ത സൗഭാഗ്യങ്ങളും നൽകുകയായിരുന്നു. അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ അവസ്ഥ അറിയുന്നവർക്കോ ഒട്ടും പ്രതീക്ഷിക്കാനാവാത്ത അനുഗ്രഹങ്ങളാണ് അല്ലാഹു നൽകിയത്. അതുകൊണ്ടാണ് അതിനെ رَحْمَةً مِّنْ عِندِنَا-നമ്മുടെ പക്കൽനിന്നുള്ള സവിശേഷ അനുഗ്രഹമായിക്കൊണ്ട്-എന്ന് വിശേഷിപ്പിച്ചത്. നിഷ്കളങ്ക ദൈവഭക്തന്മാരായി വാഴുന്നവർക്ക് മഹത്തായ ഒരു പാഠമാണ് അയ്യൂബ് നബിയുടെ അനുഭവമെന്ന് ഉൽബോധിപ്പിക്കുകയാണ് وَذِكْرَىٰ لِلْعَـٰبِدِينَ എന്ന വാക്യം. അതായത് എല്ലാ സുഖദുഃഖാവസ്ഥകളെയും അല്ലാഹുവിൽ സമർപ്പിക്കുന്നവർക്ക് അവൻ ഈവിധം അവന്റെ അനുഗ്രഹം ചൊരിഞ്ഞുകൊടുക്കും. അത് ഈ ലോകത്തു ലഭിച്ചില്ലെങ്കിൽ പരലോകത്ത് തീർച്ചയായും ലഭിക്കും.

*ഇയ്യോബിന്റെ* ആദ്യ ഭാഗത്ത് കാണുന്നത് അത്യധികം ക്ഷമാശീലനും സഹനശാലിയുമായ ഇയ്യോബിനെയാണ്. ആപത്തുകളണയുമ്പോൾ ഒട്ടും പതറുന്നില്ല. ഓരോ ദുരിതവും സംഭവിക്കുമ്പോൾ അദ്ദേഹം സൗഭാഗ്യങ്ങളുണ്ടാകുമ്പോഴെന്ന പോലെ ദൈവത്തെ പ്രകീർത്തിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നു; ഒട്ടും ചോദ്യം ചെയ്യുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. പക്ഷേ മൂന്നാം അധ്യായം മുതൽ കാണുന്നത്, അക്ഷമനായി വിലപിക്കുകയും ദൈവത്തോട് വാദിയായി സംസാരിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന ഇയ്യോബിനെയാണ്: 'ഞാൻ ജനിച്ച ദിവസം നശിക്കട്ടെ. ഞാൻ ഗർഭപാത്രത്തിൽ വെച്ചുമരിക്കാതിരുന്നതെന്ത്? സർവശക്തന്റെ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു. അവയുടെ വിഷം എന്റെ ആത്മാവു കുടിക്കുന്നു. ദൈവത്തിന്റെ ഘോരത്വങ്ങൾ എന്റെ നേരെ അണിനിരന്നിരിക്കുന്നു. ഞാൻ പാപം

ചെയ്തുവെങ്കിൽ മനുഷ്യപാലകനേ ഞാൻ നിനക്കെന്തു ചെയ്യുന്നു? ഞാൻ എനിക്കു തന്നെ ഭാരമായിരിക്കത്തവണ്ണം നീ എന്നെ നിനക്കു ലക്ഷ്യമാക്കി വെച്ചിരിക്കുന്നതെന്ത്? എന്റെ അതിക്രമം നീ ക്ഷമിക്കാതെയും അകൃത്യം മോചിപ്പിക്കാതെയും ഇരിക്കുന്നതെന്ത്' എന്നെല്ലാം അദ്ദേഹം ആക്ഷേപിക്കുന്നുമുണ്ട്. ദൈവം നൽകുന്ന നന്മകൾ സ്വീകരിച്ചതുപോലെ തിന്മകളും സ്വീകരിക്കേണ്ടതുണ്ട് എന്ന നിലപാടിൽ ഉറച്ചു നിന്ന് ദൈവത്തിന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് യാതനകളെല്ലാം പതറാതെ സഹിക്കുന്ന, ക്ഷമയുടെ പ്രതിരൂപമായ അയ്യൂബി(അ)നെയാണ് ഖുർആൻ ഈ സൂക്തങ്ങളിലും സൂറഃ *സ്വാദ്* 41-44 സൂക്തങ്ങളിലും വരച്ചുകാട്ടുന്നത്. ബൈബിൾ വിസ്തരിക്കുന്ന വിശദാംശങ്ങൾ ഖുർആൻ പരാമർശിക്കുന്നില്ല.

അയ്യൂബ്(അ) പ്രവാചകനായിരുന്നുവെന്ന് 'ഇയ്യോബ്' പുസ്തകം പറയുന്നില്ല. ഒരു നല്ല മനുഷ്യൻ എന്നേ പറയുന്നുള്ളൂ. ഖുർആൻ അയ്യൂബ് പ്രവാചകനായിരുന്നുവെന്ന് സ്ഥിരീകരിച്ചിരിക്കുന്നു. സൂറഃ *നിസാഅ്* 163-ാം സൂക്തം പറയുന്നു:

وَأَوْحَيْنَآ إِلَىٰٓ إِبْرَٰهِيمَ وَإِسْمَـٰعِيلَ وَإِسْحَـٰقَ وَيَعْقُوبَ وَٱلْأَسْبَاطِ وَعِيسَىٰ وَأَيُّـوبَ

(ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ, ഈസാ, അയ്യൂബ് എന്നിവർക്ക് നാം ദിവ്യബോധനം നൽകിയിട്ടുണ്ട്). *അൽഅൻആം* 84-ാം സൂക്തം പറയുന്നു: وَنُوحًا هَدَيْنَا مِن قَبْلُ وَمِن ذُرِّيَّتِهِۦ دَاوُۥدَ وَسُلَيْمَـٰنَ وَأَيُّوبَ ... (നേരത്തെ നാം നൂഹിനു സന്മാർഗദർശനമരുളിയിരുന്നു. അതേ മാർഗദർശനം അദ്ദേഹത്തിന്റെ വംശത്തിൽപെട്ട ദാവൂദിനും സുലൈമാനും അയ്യൂബിനും നൽകിയിട്ടുണ്ട്....) അയ്യൂബ് പ്രവാചകനായിരുന്നു എന്നതിനുപുറമെ ഇസ്രാഈലി ആയിരുന്നുവെന്നുകൂടി ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു.

*ഇയ്യോബ്* അയ്യൂബ് നബിയോ അദ്ദേഹത്തിന്റെ ജീവിത കാലത്തോ രചിച്ചതല്ല എന്ന് ചില പാശ്ചാത്യ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹം ജീവിച്ച് രണ്ടു നൂറ്റാണ്ട് കഴിഞ്ഞ ശേഷമാണ് *ഇയ്യോബ്* വിരചിതമായത്. പുസ്തകത്തിന്റെ മൂലഭാഷ അദ്ദേഹം ജീവിച്ചിരുന്ന കാലത്തെ ഭാഷയല്ല എന്നാണ് അവരുന്നയിക്കുന്ന ന്യായം. ഇയ്യോബ് യഥാർഥ ലോകത്ത് ജീവിച്ച ആളാവണമെന്നില്ലെന്നും ഏതോ പ്രതിഭാധനൻ വിരചിച്ച ദാർശനിക കവിതയിലെ കഥാപാത്രമാണദ്ദേഹമെന്നും കരുതുന്നവർ ഇല്ലാതില്ല. അജ്ഞാത നാമാവിന്റെ കവിത അതിന്റെ ആത്മീയ ഭാവവും ദാർശനിക ഗരിമയും സാഹിത്യ സൗന്ദര്യവും കണക്കിലെടുത്ത് പിന്നീട് ബൈബിൾ സമാഹാരത്തിൽ ചേർക്കുകയായിരുന്നുവെന്നാണവരുടെ നിഗമനം. *ഇയ്യോബി*ലെ പല വചനങ്ങളും, 28-ാം അധ്യായം മുഴുവനും ഇയ്യോബ് പറഞ്ഞതാവാൻ ഇടയില്ലെന്ന് ഗവേഷകന്മാർ പറഞ്ഞിട്ടുണ്ട്. കൃതിയിലെ സംഭവങ്ങൾ പല കാലത്ത് പല യാളുകൾ അവരവരുടെ ധ്യാനചിന്തക്ക് അനുസൃതമായി കൂട്ടിച്ചേർത്തതാണെന്നഭിപ്രായപ്പെട്ടവരുമുണ്ട്. 'എലീഹുവിന്റെ പ്രഭാഷണം' ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. യഹോവയുടെ അരുളപ്പാടുകളും പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നാണ് ചിലരുടെ വീക്ഷണം. ഈ അഭിപ്രായങ്ങളെല്ലാം പൊതുവായി സൂചിപ്പിക്കുന്ന കാര്യം *ഇയ്യോബ്* ദൈവിക വെളിപാടുകൾ അല്ല എന്നത്രെ. നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്: അതിസമ്പന്നനും സൗഭാഗ്യവാനുമായ പ്രവാചകവര്യനായിരുന്നു അയ്യൂബ്(അ). അല്ലാഹു അദ്ദേഹത്തിന്റെ സമ്പത്തും സൗഭാഗ്യങ്ങളും പിൻവലിച്ച് കൊടിയ പീഡാനുഭവങ്ങളിലകപ്പെടുത്തി പരീക്ഷിച്ചു. അദ്ദേഹം ആ പരീക്ഷണങ്ങളെ അതുല്യമായ ക്ഷമയോടും സഹനത്തോടും കൂടി വിജയകരമായി നേരിട്ടു. അതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തിന്റെ നഷ്ടപ്പെട്ട സമ്പത്തും സൗഭാഗ്യങ്ങളും പൂർവോപരി വർധിപ്പിച്ചു തിരിച്ചുകൊടുത്തു. ഈ സംഭവത്തെ ഇതിവൃത്തമാക്കി പിൽക്കാലത്ത് മനോഹരമായ ഒരു കാവ്യം രചിക്കപ്പെട്ടു. അത് ബൈബിളിന്റെ ഭാഗമായിത്തീർന്നു. അതിൽ അയ്യൂബ് നബിയുടെ കഥയുടെ അംശങ്ങളുണ്ട്. അതിലേറെ കവിഭാവനയുമുണ്ട്. അതുകൊണ്ടാവാം *ഇയ്യോബിന്റെ പുസ്തക*ത്തിലെ ഇത്തരം വിശദാംശങ്ങളും സംവാദങ്ങളും ഖുർആൻ പരാമർശിക്കാതെ വിട്ടുകളഞ്ഞത്.

ചേതോഹരമായ സാഹിത്യസൃഷ്ടിയായിട്ടാണ് സാഹിത്യ പണ്ഡിതന്മാർ *ഇയ്യോബിനെ പുസ്തക*ത്തെ വിലയിരുത്തുന്നത്. മനോഹരവും മഹത്തരവുമെന്ന് മാർട്ടിൻ ലൂഥറും, ഉദാത്തമായ കവിതയെന്ന് ടെന്നിസനും, തൂലിക രചിച്ച ഏറ്റവും ശ്രേഷ്ഠമായ സംഗതികളിലൊന്ന് എന്ന് കാർലൈലും അതിനെ വിശേഷിപ്പിച്ചിരിക്കുന്നു. പീഡിതരാകുന്ന നിരപരാധികളുടെ 'എന്തുകൊണ്ട് എനിക്കിങ്ങനെ' എന്ന ചോദ്യത്തിന് മറുപടിയന്വേഷിക്കുകയാണ് ഇയ്യോബ്. കഷ്ടപ്പാടും സഹനവും ദൈവിക രഹസ്യമാണെന്നാണദ്ദേഹം മനസ്സിലാക്കുന്നത്. കഷ്ടതകൾ താങ്ങാനാവാതെ വരുമ്പോൾ ദൈവത്തോടു സംസാരിക്കണം. 'ആയിരിക്കുന്നതും ആയിരിക്കേണ്ടതും' (That is and that ought to be) തമ്മിലുള്ള അന്തരം ഒരു സമസ്യയാണ്. പ്രതികാരത്തിന്റെ നീതിക്കപ്പുറം ദൈവത്തിന് വേറെയും ലക്ഷ്യങ്ങളുണ്ടാവാം. ഇതാണത്രെ *ഇയ്യോബിന്റെ പുസ്തകം* അവതരിപ്പിക്കുന്ന ആശയം.

'എന്തുകൊണ്ട് എനിക്കിങ്ങനെ' എന്ന ചോദ്യം ഖുർആനിക പരിപ്രേക്ഷ്യത്തിൽ സങ്കീർണമായ ഒന്നല്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവനെ പരീക്ഷിക്കാനാണെന്ന് ഖുർആൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഉദാ: 5:48, 6:165, 11:7, 67:2. സമൃദ്ധിയും ദാരിദ്ര്യവും ആരോഗ്യവും രോഗവും അധികാരവും അടിമത്തവുമെല്ലാം പരീക്ഷണങ്ങളാണ്. സുഖത്തിലായാലും ദുഃഖത്തിലായാലും ദൈവത്തിൽ സമർപ്പിതനായി അവൻ അനുശാസിച്ച ധർമങ്ങൾ പാലിച്ചു ജീവിക്കുന്നുവോ ഇല്ലേ എന്നതാണ് പരീക്ഷണം. പരീക്ഷണത്തിൽ വിജയിച്ചാലും തോറ്റാലും ചിലപ്പോൾ ഈ ലോകത്തു തന്നെ അതിന്റെ ഫലം ലഭിച്ചെന്നിരിക്കും. ചിലർക്ക് പരലോകത്തു മാത്രമേ ഫലം ലഭിക്കൂ. ഈ ലോകത്തെ ഫലസിദ്ധിയും പരീക്ഷണമാണ്. സുഖം കൊണ്ടുള്ള പരീക്ഷണത്തിൽ ജയിച്ചവർ പിന്നെ ദുഃഖം കൊണ്ടു പരീക്ഷിക്കപ്പെടാം. നേരെ മറിച്ചും സംഭവിക്കാം. രണ്ടുവിധത്തിലുള്ള പരീക്ഷകളിലും വിജയിക്കുക എന്നത് മഹാഭാഗ്യമാണ്. അവരാണ് മഹാന്മാർ. ആദ്യം അറ്റമില്ലാത്ത സൗഭാഗ്യങ്ങൾ കൊണ്ടുള്ള പരീക്ഷണത്തിലും അനന്തരം അതികഠിനമായ ദൗർഭാഗ്യം കൊണ്ടുള്ള പരീക്ഷണത്തിലും സ്തുത്യർഹമായ വിജയം നേടിയ മഹാനാണ് അയ്യൂബ് (അ). ■